**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2054** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്ത് ഡിജിറ്റൽ വിപ്ലവത്തിന് കാരണമായിത്തീർന്ന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ഡോ. എൻ. ജയരാജ്

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** പൊതുസേവനം ലഭ്യമാക്കുന്നതിൽ സംസ്ഥാനത്ത് ഡിജിറ്റൽ വിപ്ലവത്തിന് വഴിതെളിച്ച പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പൊതു സേവനം ലഭമാക്കുന്നതിൽ സംസ്ഥാനത്ത് ഡിജിറ്റൽ വിപ്ലവത്തിന് വഴി തെളിച്ച പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു .

**ഇ ഡിസ്ട്രിക്ട് -** പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ സുതാര്യവും ഡിജിറ്റൽ രൂപത്തിലും വേഗതയോടെ ലഭ്യമാക്കുന്ന, സംസ്ഥാനത്തിന്റെ മുഖമുദ്രയായ പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഐ.ടി. മിഷന്റെ നേതൃത്വത്തിൽ 2010-ൽ ആണ് പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി മുഖേന 10 കോടിക്ക് മുകളിൽ അപേക്ഷകൾ ലഭിയ്ക്കുകയും അതുവഴി പൊതുജനങ്ങൾക്ക് സർട്ടിഫിക്കറ്റ് സേവനം ലഭ്യമാക്കുകയും ചെയ്തു. നിലവിലെ പോർട്ടൽ പരിഷ്കരിച്ച് കൂടുതൽ സൗകര്യപ്രദവും പൊതുജന സൗഹൃദവും ആക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

**ഇ-സേവനം** - കേരള സർക്കാർ വിവിധ വകുപ്പുകൾ മുഖാന്തിരം സമൂഹത്തിലെ നാനാ തുറകളിൽപ്പെട്ട ജനങ്ങൾക്ക് ഒട്ടേറെ സേവന പദ്ധതികൾ ലഭ്യമാക്കുന്നുണ്ട്. സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന (RTS) സേവനങ്ങളിൽ ഭൂരിപക്ഷവും ഓൺലൈൻ വഴി വിവിധ വകുപ്പുകൾ നടപ്പിലാക്കുന്നുണ്ട്.

**ആധാർ-** കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഡിജിറ്റൽ സേവനങ്ങൾ ഉപയുക്തമാക്കുന്നതിനും ഒരു ആധികാരിക സർക്കാർ രേഖ എന്ന നിലയിലും ആധാർ കാർഡ് പൊതു ജനങ്ങൾക്ക് ഒരു അവശ്യ രേഖയാണ്. കേരളത്തിൽ 100% ആധാർ എൻറോൾമെന്റ് പൂർത്തീകരിയ്ക്കുവാൻ സാധിച്ചിട്ടുണ്ട്

**ഇ-ഓഫീസ്** : ജനങ്ങൾക്ക് നേരിട്ടും അല്ലാതെയും സർക്കാർ സേവനങ്ങൾ സമയബന്ധിതമായി ലഭിയ്ക്കുന്നതിനായി എല്ലാ സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഇ-ഓഫീസ് സംവിധാനം സ്ഥാപിയ്ക്കുവാൻ കഴിഞ്ഞു.

**കെ ഫൈ** (കേരളത്തിന്റെ സ്വന്തം പബ്ലിക് വൈഫൈ) - പൊതു ജനങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് സംവിധാനം നൽകുന്നതിന് 2023 ഹോട്ട്സ്പോട്ടുകൾ പൊതു ഇടങ്ങളിൽ നിലവിൽ വിജയകരമായി

പ്രവർത്തിക്കുന്നുണ്ട്. 2000 പുതിയ സൗജന്യ വൈഫ ഹോട്ട്സ്പോട്ടുകൾ കൂടി പൊതു ഇടങ്ങളിൽ സ്ഥാപിയ്ക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

**അക്ഷയ പദ്ധതി-** സംസ്ഥാനത്തു ഡിജിറ്റൽ വിപ്ലവത്തിന് വഴി തെളിച്ചതിൽ ഒരു പ്രധാന പദ്ധതിയാണ് അക്ഷയ വഴി ലഭിക്കുന്ന ഡിജിറ്റൽ സേവനങ്ങൾ

**(ബി)** പ്രസ്തുത പദ്ധതികളുടെ പ്രവർത്തന രീതിയും നിർവ്വഹണ പ്രക്രിയയും കൃത്യമായ മൂല്യനിർണ്ണയത്തിന് വിധേയമാക്കിയിട്ടുണ്ടോ;

**മറുപടി:** പ്രസ്തുത പദ്ധതികളുടെ പ്രവർത്തന രീതിയും നിർവ്വഹണ പ്രക്രിയയും സർക്കാർ സംവിധാനങ്ങളിലെ നിർബ്ബന്ധിത ഓഡിറ്റുകൾക്കും മൂല്യ നിർണ്ണയങ്ങൾക്കും വിധേയമാക്കിയിട്ടുണ്ട്.

**(സി)** കേരളത്തിന്റെ ഈ മാതൃകാ പദ്ധതികൾ ഇതര സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ ശുപാർശ ചെയ്യുകയോ അംഗീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

**മറുപടി:** 1. ഡിജിറ്റൽ യൂണിവേഴ്സിറ്റി നടപ്പിലാക്കി വരുന്ന വിവിധ പ്രോജക്ടുകൾ വിലയിരുത്തി കേന്ദ്ര സർക്കാർ (വിദ്യാഭ്യാസ മന്ത്രാലയം) Institutional Innovation Frame Work-ൽ 4 star പദവി നൽകിയിട്ടുണ്ട്.

2. ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലെ സൈബർ സെക്യൂരിറ്റി വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തി കേന്ദ്രസർക്കാരിന്റെ CERT-IN ചട്ടക്കൂടിലേക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്.

3.ഡിജിറ്റൽ യൂണിവേഴ്സിറ്റി വികസിപ്പിച്ച DWMS പ്ലാറ്റ്ഫോമിന് കേന്ദ്രസർക്കാരിന്റെ Digital India Platinum അവാർഡ് ലഭിച്ചിട്ടുണ്ട്.

4. ഡിപ്പാർട്ട്മെന്റ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസ് ( ഡിഎആർപിജി)-ന്റെ ദേശീയ ഇ-സേവന ഡെലിവറി അസെസ്മെന്റ് പ്രകാരം മികച്ച ഏകജാലക സംവിധാനത്തിനുള്ള ഒന്നാം റാങ്ക് കേരള സ്റ്റേറ്റ് പോർട്ടലിന് ലഭിച്ചു.

**(ഡി)** 2025-ൽ ദേശീയതലത്തിൽ മികച്ച നിർവ്വഹണ മാതൃകകളായി തിരഞ്ഞെടുക്കപ്പെട്ട കേരളത്തിലെ പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** ഡിജിറ്റൽ യൂണിവേഴ്സിറ്റി GST വകുപ്പിന് വേണ്ടി വികസിപ്പിച്ച LuckyBill App മികച്ച മാതൃകയായി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്.

സി-ഡിറ്റ് വികസിപ്പിച്ച മത്സരപരീക്ഷകളിൽ സുരക്ഷ, സുതാര്യത, സമയബന്ധിതത്വം എന്നിവ ഉറപ്പാക്കുന്ന കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷാ സംവിധാനത്തിന് 2025-ലെ ഇ- ഗവേണൻസ് വിഭാഗത്തിൽ ദേശീയതല SKOCH സിൽവർ അവാർഡ് ലഭിച്ചു.

വിദ്യാഭ്യാസ രംഗത്തെ ഡിജിറ്റൽനവീകരണത്തിന് സി-ഡിറ്റ് വികസിപ്പിച്ച 'ഇഗ്നൈറ്റ്' ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിന് ആറാമത് 'ഗവേണൻസ് നൗ' ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ പുരസ്കാരം ലഭിച്ചു. 'Excellence in E-learning. Assessment and Digital Education Platform' വിഭാഗത്തിലാണ് ഈ നേട്ടം.

**(ഇ)** സംസ്ഥാനത്തെ വിവിധ പദ്ധതികളുടെ ഏകോപനവും നിരീക്ഷണവും മെച്ചപ്പെടുത്തുന്നതിന് ഡിജിറ്റൽ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ;

വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പൗരന്മാർക്ക് വിവിധ പദ്ധതികളുടെ പ്രയോജനം എളുപ്പത്തിൽ ലഭ്യമാക്കുകയും സാങ്കേതികവിദ്യകളുടെ സഹായത്തോടെ സദ്ഭരണം ഉറപ്പാക്കുകയും ചെയ്യുന്നതിനായി 'നമ്മുടെ കേരളം ഡിജിറ്റൽ കേരളാ പദ്ധതി' സർക്കാർ രൂപകല്പന ചെയ്തിട്ടുണ്ട്.

പൗരകേന്ദ്രീകൃത ഭരണ സംവിധാനത്തിലേക്ക് ഡിജിറ്റൽ ഗവർണൻസിന്റെ പരിവർത്തനം സാധ്യമാക്കുക എന്നതാണ് 'നമ്മുടെ കേരളം' പദ്ധതിയുടെ പ്രധാന ലക്ഷ്യം. എല്ലാ സേവനങ്ങളും ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കി, സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്ന ഭരണ മാതൃക നടപ്പിലാക്കുകയാണ് ഉദ്ദേശം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക്ചെയിൻ, ഡാറ്റാ അനലിറ്റിക്സ് തുടങ്ങിയ നവീന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഭരണ പ്രക്രിയ കൂടുതൽ ജനസൗഹൃദമാക്കുകയും സേവനാവകാശം ഉറപ്പാക്കുകയും ചെയ്യുന്നു.

'നമ്മുടെ കേരളം ഡിജിറ്റൽ കേരളാ പദ്ധതിയുടെ' പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

**സേവന കേരളം**- എല്ലാ സർക്കാർ സേവനങ്ങളും ഏകീകൃത പോർട്ടലിലും മൊബൈൽ ആപ്പിലൂടെയും ലഭ്യമാക്കുന്ന സംവിധാനം.

**സദ്ഭരണ കേരളം**-ഡിജിറ്റൽ ഗവർണൻസിനായി യൂണിഫൈഡ് രജിസ്ട്രി, ഡാറ്റ എക്സ്ചേഞ്ച് പ്ലാറ്റ്ഫോം, ERP സൊല്യൂഷൻ, തുടങ്ങിയവ നടപ്പിലാക്കി ഭരണ നിലവാരം ഉയർത്തുന്നതിന് ലക്ഷ്യമിടുന്നു.

**ഭാവി കേരളം**-ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ഐ.ഒ.ടി, ബ്ലോക്ക്ചെയിൻ, എ.ആർ./വി.ആർ. തുടങ്ങിയ പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സ്മാർട്ട് ഗവർണൻസ് നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതോടൊപ്പം സർക്കാർ മേഖലയിൽ പ്രവർത്തിയ്ക്കുന്നവർക്കും പൊതു ജനങ്ങൾക്കും നൂതന സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുന്നതിനും ഉദ്ദേശിയ്ക്കുന്നു.

**ജനകേരളം**-ഡിജി കേരളം 2.0, സേഫ്ടക്ക് കേരള തുടങ്ങിയ പദ്ധതികൾ മുഖേന പൗരന്മാരിൽ ഡിജിറ്റൽ ബോധവൽക്കരണം, ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിയ്ക്കുന്നതിന് അവരെ പ്രാപ്തരാക്കുക, സൈബർ ഇടങ്ങളിൽ ഇടപെടലുകൾ നടത്തുമ്പോൾ സുരക്ഷിതമായ രീതിയിൽ കരുതലോടെ എങ്ങനെ സേവനങ്ങൾ ഉപയോഗിയ്ക്കാം എന്നുള്ള ബോധവൽക്കരണം നൽകുക എന്നുള്ളവയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ഓഫീസർ**